റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) പരിഗണനയിലാണ്.

(ബി) നിശ്ചയിച്ചിട്ടില്ല.

(സി) 205 വില്ലേജുകളിൽ പുനർവിജ്ഞാനം നടത്തിയിട്ടുണ്ട്.

(ഡി, ഇ) തീരുമാനമായിട്ടില്ല.

(എഫ്) 205 വില്ലേജുകളുടെ പുനർവിജ്ഞാനം നടന്നുകഴിഞ്ഞു.

(ജി) 1446.

പുനരധിവാസ ഭവനനിർമ്മാണ പദ്ധതി

*59. [59] ശ്രീ. കെ. പി. രാമൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. വി. മുഹമ്മദ് :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ഭവനരഹിതരായ ദുർബലവിഭാഗത്തിൽ പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് എത്ര കെട്ടിടങ്ങൾ സംസ്ഥാനത്ത് നിർമ്മിച്ചു ;

(സി) പണി പൂർത്തിയാകുന്നമുറയ്ക്ക് അടുത്ത ഗഡു നൽകാമെന്ന വാഗ്ദാനം പാലിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) സന്നദ്ധസംഘടനകൾക്ക് കെട്ടിവച്ച പണം തിരിച്ചുനൽകാമെന്ന ഉറപ്പു ഗവൺമെന്റ് പാലിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഭവനരഹിതരായ ദുർബല വിഭാഗങ്ങൾക്കായി അനേകം ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു †

(ബി) 102204 വീടുകളുടെ പണികൾ ഏറ്റെടുത്തു.

(സി) ഒരു നിശ്ചിത തീയതിക്കുമുൻപ് സർട്ടിഫിക്കറുകൾ ഹാജരാക്കിയ കേസുകളിൽ തവണകൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

† - അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly